മലയാള മനോരമ
ESTABLISHED 1888
13 July 2019

# അയല അദ്ദേഹം



## അയല No1

2018ൽ രാജ്യത്ത് ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം അയല. മത്തിക്ക് 9-ാം സ്ഥാനം മാത്രം. മത്തിയായിരുന്നു മുൻ വർഷം ഒന്നാം സ്ഥാനത്ത്. കേരളത്തിലും അയല ഒന്നാമത്; മത്തി തൊട്ടുപിന്നിൽ.

## ടോപ് ഫൈവ് 5 (ദേശീയതലത്തിൽ)



അയല
2.84 ലക്ഷം ടൺ



കൂന്തൽ - കണവ വിഭാഗം
2.21 ലക്ഷം ടൺ



ചെമ്മീൻ (ജൗള, കർത്തി)
1.94 ലക്ഷം ടൺ



പാമ്പാട
1.94 ലക്ഷം ടൺ



ചെമ്മീൻ (നാരൻ, കരിക്കാടി, കാര, പൂവാലൻ)
1.84 ലക്ഷം ടൺ

## ടോപ് ഫൈവ് 5 (കേരളം)

അയല
80,568 ടൺ



മത്തി
77,093 ടൺ



കൊഴുവ
58,766 ടൺ



കിളിമീൻ
53,549 ടൺ



ചെമ്മീൻ (നാരൻ, കരിക്കാടി, കാര, പൂവാലൻ)
50,472 ടൺ



## ഗുജറാത്ത് No1

രാജ്യത്ത് ഏറ്റവും കൂടുതൽ കടൽ മീൻ വാരിയതു ഗുജറാത്ത്. തമിഴ്നാടിനു രണ്ടും കേരളത്തിനു മൂന്നും സ്ഥാനം. രാജ്യത്ത് ആകെ ലഭിച്ചതു 34.9 ലക്ഷം ടൺ.

## കേരളത്തിൽ വർധന

കേരളത്തിന്റെ സംഭാവന 6.43 ലക്ഷം ടൺ. ദേശീയതലത്തിൽ മീൻ ലഭ്യതയിൽ 9% ഇടിവുണ്ടായപ്പോൾ കേരളത്തിൽ 10% വർധനയാണുണ്ടായത്. മത്തി ചതിച്ചെങ്കിലും അയല, കൊഴുവ, ചെമ്മീൻ, കിളിമീൻ, കൂന്തൽ (കണവ) തുടങ്ങിയവ വർധിച്ച തോതിൽ ലഭിച്ചതാണു കേരളത്തെ തുണച്ചത്.

## 80,320 കോടി രൂപ

രാജ്യത്തെ തുറമുഖങ്ങളിൽ ലഭിച്ചത് 52,632 കോടി രൂപ മൂല്യമുള്ള മത്സ്യം. ചില്ലറവിപണിയിൽ വില 80,320 കോടിയായി ഉയർന്നു. മുൻ വർഷത്തേക്കാൾ 0.4% കൂടി.

## മുനമ്പം മുന്നിൽ

കേരളത്തിൽ വമ്പൻ 'ക്യാച്ച്' പദവി എറണാകുളം (1,61,082 ടൺ), കൊല്ലം (1,38,475 ടൺ) ജില്ലകൾക്കാണ്. എറണാകുളത്തെ മുനമ്പമാണു തുറമുഖങ്ങളിൽ ഒന്നാമൻ; കോരിയെടുത്തത് 86710 ടൺ മൽസ്യം. രണ്ടാമതു കൊല്ലം ജില്ലയിലെ നീണ്ടകര (57,939 ടൺ).

*കണക്കുകൾ: സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ)